©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 മേയ് 19
19th May 2026
1201 ഇടവം 5
5th Idavam 1201
1948 വൈശാഖം 29
29th Vaisakha 1948

നമ്പർ
No.
1612

ഫാറം നമ്പർ 7

[ചട്ടം 18(1) കാണുക]

വകുപ്പ് 11 ഉപവകുപ്പ് 1 പ്രകാരം കളക്ടർ പുറപ്പെടുവിക്കുന്ന പ്രാഥമിക വിജ്ഞാപനം

DCEKM/960/2025-C1 *2026 മെയ് 16*

കേരള സർക്കാർ 06.01.2015 ലെ സ. ഉ (ആർ ടി) നമ്പർ 35/2025/ ആർ ഡി വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ വൈറ്റില എൽ എ എൻ എച്ച് നമ്പർ 3 സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി എറണാകുളം കളക്ടറേറ്റിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പൊന്നുംവില എൽ എ ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത്, കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ വലിയ കടമക്കുടി - ചാത്തനാട് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും

ഇപ്പോൾ തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാ പേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ്, വകുപ്പ് 11 ഉപവകുപ്പ് 1 ലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവില പ്രകാരം ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതുനോട്ടീസിന്റെ തീയതിയോ, ഏതാണോ അവസാനം നടന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ എ), എൻ എച്ച് നമ്പർ 3, വൈറ്റില, മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, സ്ഥലത്തിലുള്ള താത്പര്യം സംശയലേശമെന്യെ വിശദീകരിക്കാത്ത അപേക്ഷകളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ വിശദവിവരങ്ങൾ, എറണാകുളം ജില്ലാകളക്ടറുടെ https://ernakulam.nic.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്.

<u>പട്ടിക</u>

ജില്ല - എറണാകുളം *വില്ലേജ്* - കടമക്കുടി

താലൂക്ക് - കണയന്നൂർ *ബ്ലോക്ക് നമ്പർ* - 001

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്രമ നമ്പർ	*സർവെ നമ്പർ*	*ഇനം*	*ഭൂമി ഏറ്റെടുക്കുന്നതിന്റെ ആവശ്യകത*	*ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റുന്നതിനുള്ള കാരണം*	*ഉടമസ്ഥരുടെ / കൈവശക്കാരുടെ വിവരങ്ങൾ*
1	4/5	പുരയിടം	വലിയ കടമക്കുടി - ചാത്തനാട് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി	ബാധകമല്ല	T6915 വലിയകടമക്കുടി ദേശത്ത് മണവാളൻ വർഗീസ് മകൻ ജോബ്
ആകെ വിസ്തീർണം : 0.0152 ഹെക്ടർ					

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തം

കണയന്നൂർ താലൂക്കിലെ കടമക്കുടി വില്ലേജിലെ വലിയ കടമക്കുടി - ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി ബന്ധപ്പെട്ട പദ്ധതി പ്രദേശത്ത് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം എസ്.ഐ.എ യൂണിറ്റായ രാജഗിരി ഔട്ട് റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി ഒ, കളമശ്ശേരി വഴി നടത്തിയിരുന്നു. ടി പ്രോജക്ടിന് വേണ്ടി 00.0152 ഹെക്ടർ സ്ഥലം പൊന്നും വിലയ്ക്കെടുക്കേണ്ടതുണ്ട്. 1 സർവ്വേ സബ് ഡിവിഷൻ നമ്പറുകളിലായി 1 കുടുബത്തിന്റെ ഭൂമിയെ ടി പദ്ധതിയ്ക്കു വേണ്ടിയുള്ള പൊന്നുംവില നടപടി ബാധിക്കുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്റെയും സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതിയുടെയും പകർപ്പുകൾ ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, ആയതിന്റെ പകർപ്പ് വൈറ്റില എൽ. എ (എൻ. എച്ച്. നമ്പർ -3) സ്പെഷ്യൽ തഹസിൽദാർ എന്നിവരുടെ ആഫീസിലും ലഭ്യമാണ്.

(ഒപ്പ്)
ജില്ലാകളക്ടർ
എറണാകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.19 05:48:59 +05:30